**കേരള എക്സൈസ് വകുപ്പ്.**
**'മാതൃഭാഷ-മലയാളം'**
**എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,കേരള ,തിരുവനന്തപുരം**

വിഷയം : എക്സൈസ് ഭരണപരം- കൊവിഡ്-19 വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ- പൂർണ / ഭാഗിക അടച്ചിടൽ - ബോർഡ് ഡ്യൂട്ടി/ സ്പെഷ്യൽ ഡ്യൂട്ടി ജീവനക്കാരുടെ ജോലി ക്രമീകരണം - സംബന്ധിച്ച്

പരാമർശം: 1. സ.ഉ (എം.എസ് ) നം.**49/2020/** ജി.എ.ഡി നമ്പർ തിയതി **23.03.2020** .
2.സ.ഉ (എം.എസ് ) നം.**52/2020/** ജി.എ.ഡി നമ്പർ തീയതി **30.03.2020**
3.11.04.2020 ലെ 90/എസ്.എസ്.1/2020/ജി.എ.ഡി നമ്പർ സർക്കുലർ.

നമ്പർ.EXC/1838/2020-XD3 തീയതി: **16/04/2020**

സംസ്ഥാനത്തു കൊവിഡ്-19 നിർവ്യാപനം/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും പൂർണ/ഭാഗിക അടച്ചിടലും സംബന്ധിച്ച് സർക്കാർ സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ എക്സൈസ് വകുപ്പിനെയും അവശ്യ സർവിസ് ആയി കണക്കാക്കുകയും ലോക്ക് ഡൗണിൻറെ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എക്സൈസ് കമ്മിഷണറേറ്റ്, അഡീഷണൽ എക്സൈസ് കമ്മിഷണർ എൻഫോഴ്സ്മെൻറ്, ജോയിന്റ് എക്സൈസ് കമ്മിഷണർമാരുടെ ഓഫീസുകൾ, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാരുടെ ഓഫീസുകൾ, എക്സൈസ് ഡിവിഷൻ ഓഫീസുകൾ തുടങ്ങിയവയിൽ ബോർഡ് ഡ്യൂട്ടി/ സ്പെഷ്യൽ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന എക്സൈസ് പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ പൊതു ഗതാഗതം തടസ്സപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഫീസുകളിൽ ജോലിക്ക് ഹാജരാകാൻ കഴിയാത്ത സാഹചര്യം ഉള്ള പക്ഷം എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി സർക്കാർ ലോക്ക് ഡൗൺ പിൻവലിക്കുന്നത് വരെ ഏറ്റവും അടുത്തുള്ള എക്സൈസ് റേഞ്ച് ഓഫീസുകളിൽ ഡ്യൂട്ടിക്ക് ഹാജരാകേണ്ടതാണെന്ന് ഉത്തരവാകുന്നു. പ്രസ്തുത ഉദ്യോഗസ്ഥർ ലോക്ക് ഡൗൺ തീരുന്നമുറയ്ക്ക് എക്സൈസ് റേഞ്ച് ഓഫീസുകളിൽ നിന്നും വിടുതൽ ചെയ്ത ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഉൾപ്പെടെ അതാതു ഓഫീസുകളിൽ ഹാജരാകേണ്ടതാണ്.

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.04.16 12:20:26 IST
Reason: Approved

**S. AANANTHAKRISHNAN IPS**
**EXCISE COMMISSIONER**

ഗ്രാഹകൻ: എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്:
1. അഡിഷണൽ എക്സൈസ് കമ്മിഷണർ (അഡ്മിനിസ്ട്രേഷൻ)
2. അഡിഷണൽ എക്സൈസ് കമ്മിഷണർ (എൻഫോഴ്സ്മെന്റ്)

3. എക്സൈസ് വിജിലൻസ് ഓഫീസർ
4. ജോയിന്റ് എക്സൈസ് കമ്മിഷണർ (എല്ലാം )
5. ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ(എല്ലാം )
6. എക്സൈസ് കമ്മീഷണറുടെ സി എ യ്ക്ക്
7. കരുതൽ ഫയൽ